നം. 983/5എൽഎൽബി/2012/റ്റിഎ2/സിഇഇ

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

## 2012– 13 ലെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി കോഴ്സ് പ്രവേശനം രണ്ടാം ഘട്ട / അന്തിമ അലോട്ടുമെന്റ്

സർക്കാർ ലോ കോളേജുകളിലെയും സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലെയും 2012–13 വർഷത്തെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി കോഴ്സിലേയ്ക്കു പ്രവേശനത്തിനുള്ള രണ്ടാം ഘട്ട/അന്തിമ കേന്ദ്രീകൃത അലോട്ടുമെന്റ് **24.09.2012** (തിങ്കളാഴ്ച) www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീ കരിക്കുന്നതാണ്.

വിദ്യാർത്ഥികൾക്ക് അവരുടെ ആപ്ലിക്കേഷൻ നമ്പർ, റോൾ നമ്പർ, കീ നമ്പർ എന്നിവ രേഖപ്പെടുത്തി ഹോം പേജിൽ പ്രവേശിച്ചശേഷം തങ്ങളുടെ അലോട്ടുമെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യാവുന്നതാണ്. അലോട്ടുമെന്റ് മെമ്മോയിൽ വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ടുമെന്റിന്റെ വിശദാംശങ്ങൾ, അനുവദിച്ച സംവരണം, ട്യൂഷൻ ഫീസ് തുടങ്ങിയ എല്ലാ വിവരങ്ങളും ലഭ്യമാണ്. **വിദ്യാർത്ഥികൾ അലോട്ടുമെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുക്കേണ്ടതാണ്.**

അലോട്ടുമെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും അവരുടെ അലോട്ടുമെന്റ് മെമ്മോയും **പ്രോസ്പെക്ടസ് ഖണ്ഡിക 16** ൽ പറയുന്ന രേഖകളുടെ അസ്സലും സഹിതം **2012 സെപ്റ്റംബർ 25, 26** തിയതികളിൽ ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽമാർ മുമ്പാകെ നേരിട്ട് ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. അഡ്മിഷൻ സമയത്ത് തന്നെ നിർദ്ദിഷ്ട ഫീസ് കോളേജിൽ ഒടുക്കേണ്ടതാണ്. കോളേജ് പ്രിൻസിപ്പൽമാർ **27.09.2012 വൈകുന്നേരം 5 മണിക്ക് മുമ്പ്** നോൺ ജോയിനിംഗ് റിപ്പോർട്ട് ഓൺലൈനായും അതിന്റെ പ്രിന്റൗട്ട് എടുത്ത് ഒപ്പ് രേഖപ്പെടുത്തിയ ശേഷം ഫാക്സ് മുഖേനയും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അയച്ചുതരേണ്ടതാണ്.

നിർദ്ദിഷ്ട തിയതികളിൽ അഡ്മിഷൻ നേടാത്ത വിദ്യാർത്ഥികളുടെ അലോട്ടുമെന്റ് നഷ്ടപ്പെടുന്നതാണ്.

രണ്ടാംഘട്ട അലോട്ടുമെന്റിൽ ഹയർ ഓപ്ഷനിലേയ്ക്ക് അലോട്ടുമെന്റ് ലഭിക്കുന്നവർ നിലവിലുള്ള കോളേജിൽ നിന്നും റ്റി.സി. വാങ്ങിയശേഷം പുതിയ കോളേജുകളിൽ നിർദ്ദിഷ്ട തീയതികളിൽ തന്നെ അഡ്മിഷൻ എടുക്കേണ്ടതാണ്. അല്ലാത്തപക്ഷം അവർക്ക് നിലവിലുള്ള അഡ്മിഷൻ നഷ്ടപ്പെടുന്നതാണ്. ആയതിനാൽ അത്തരം വിദ്യാർത്ഥികളെ കോളേജ് പ്രിൻസിപ്പൽമാർ നിർബന്ധമായും റ്റി.സിയും, അവരിൽ നിന്ന് ശേഖരിച്ച രേഖകളും തുകയും തിരികെ നൽകി വിടുതൽ ചെയ്യേണ്ടതാണ്.

മറ്റു വിശദാംശങ്ങൾ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ **18.09.2012** ന് ഇതേ നമ്പരിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിൽ ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾക്ക് രാവിലെ 10 മുതൽ വൈകുന്നേരം 5 മണി വരെ താഴെ പറയുന്ന ഹെൽപ്പ് ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. **0471–2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
22.09.2012

**പ്രവേശന പരീക്ഷാ കമ്മീഷണർ**